തെരഞ്ഞെടുപ്പ് അറിവ്

യോഗം ചേരുമ്പോൾ ഓർമ്മിക്കാം

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായി രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥികളും യോഗം ചേരുമ്പോൾ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം. ക്രമസമാധാനം പാലിക്കുന്നതിനും ഗതാഗതം നിയന്ത്രിക്കുന്നതിനും ആവശ്യമായ ഏർപ്പാടുകൾ ചെയ്യാൻ പൊലീസിന് സാധ്യമാകുന്ന വിധത്തിൽ യോഗം നടത്തുന്ന സമയവും ബന്ധപ്പെട്ട പാർട്ടിയോ സ്ഥാനാർത്ഥിയോ സ്ഥലത്തെ അധികാരികളെ മുൻകൂട്ടി അറിയിക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർകൂടിയായ കളക്ടർ ഡോ. ഡി. സജിത് ബാബു അറിയിച്ചിട്ടുണ്ട്.

മറ്റു കക്ഷികളുടെ യോഗങ്ങളും ജാഥകളും തങ്ങളുടെ അനുയായികൾ തടസ്സപ്പെടുത്തുകയോ അവയിൽ ഛിദ്രമുണ്ടാക്കുകയോ ചെയ്യില്ലെന്ന് കക്ഷികളും സ്ഥാനാർത്ഥികളും ഉറപ്പു വരുത്തണം. ആവശ്യ ഘട്ടങ്ങളിൽ പൊലീസ് സഹായം തേടണം.

ഒരു കക്ഷിയുടെ യോഗം നടന്നുകൊണ്ടിരിക്കുന്ന സ്ഥലത്ത് കൂടി മറ്റൊരു കക്ഷി ജാഥ നടത്താൻ പാടില്ല. ഒരു കക്ഷിയുടെ ചുമർ പരസ്യങ്ങൾ മറ്റ് കക്ഷികളുടെ പ്രവർത്തകർ നീക്കം ചെയ്യരുത്.

യോഗം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള നിരോധനാജ്ഞയോ നിയന്ത്രണ ഉത്തരവോ പ്രാബല്യത്തിലില്ലെന്ന് ഉറപ്പാക്കണം. ഏതെങ്കിലും നിയന്ത്രണ ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ അത് കർശനമായി പാലിക്കണം. ഇവയിൽ നിന്നും ഒഴിവാക്കപ്പെടണമെങ്കിൽ ബന്ധപ്പെട്ട അധികാരികളെ മുൻകൂട്ടി അറിയിച്ച് അനുമതി തേടുന്നു. തെരഞ്ഞെടുപ്പ് ലഘുലേഖകളും പോസ്റ്ററുകളും അച്ചടിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും സംബന്ധിച്ച് 1994 ലെ പഞ്ചായത്ത് രാജ് ആക്ടിലെ 124 ാം വകുപ്പിലെയും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 148ാം വകുപ്പിലേയും വ്യവസ്ഥകൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും അച്ചടിശാല ഉടമസ്ഥരും പാലിക്കേണ്ടതാണ്. ലഘു ലേഖകളുടേയും പോസ്റ്ററുകളുടേയും പുറത്ത് അത് അച്ചടിക്കുന്നയാളിന്റേയും പ്രസാധകന്റേയും പേരും വിലാസവും നൽകണം.

തെരഞ്ഞെടുപ്പ് പരസ്യ ബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതും ഉയർത്തിയിട്ടുള്ളതും സംബന്ധിച്ച വിവരങ്ങൾ വരണാധികാരിയെ നിശ്ചിത ഫോറത്തിൽ അറിയിക്കേണ്ടതാണ്. പരസ്യങ്ങളിൽ അപകീർത്തി പ്രചാരങ്ങൾ പാടില്ല. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും പത്രം, ടെലിവിഷൻ, റേഡിയോ, സാമൂഹ്യ മാധ്യമങ്ങൾ തുടങ്ങി വിവിധ മാധ്യമങ്ങളിൽ പരസ്യം നൽകുന്നത് നിയമാനുസൃതമാണ്. അപകീർത്തി പ്രചരണങ്ങൾ പാടില്ല.

പൊതു യോഗങ്ങൾ യോഗസ്ഥലത്ത് ക്രമരഹിതമായി പ്രവർത്തിക്കുകയോ അതിന് പ്രവർത്തിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നവർക്ക് മൂന്ന് മാസം വരെ തടവോ 10000 രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട യോഗങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല, വാഹനങ്ങളിൽ ഉച്ചഭാഷിണി ഘടിപ്പിച്ച പ്രചരണങ്ങൾക്ക് മോട്ടോർ വെഹിക്കിൾ നിയമങ്ങൾ പാലിക്കണം, വാഹനങ്ങളിൽ ഉച്ചഭാഷിണി ഘടിപ്പിച്ചോ മറ്റ് മാറ്റങ്ങൾ വരുത്തണമെങ്കിൽ മോട്ടോർ വെഹിക്കിൾ ആക്ടും നിയമവും കർശനമായി പാലിക്കണം,അധികാരികളിൽ നിന്നും ആവശ്യമായ അനുമതി നേടിയ ശേഷം മാത്രമേ വാഹനങ്ങളിൽ രൂപമാറ്റം നടത്തുവാൻ പാടുള്ളൂ,വോട്ടെടുപ്പ് ദിവസം വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ഉറപ്പാക്കാൻ സഹകരിക്കണം, പെർമിറ്റ് വാങ്ങി അതാത് വാഹനങ്ങളിൽ വ്യക്തമായി പ്രദർശിപ്പിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പ്: ഓരോ പഞ്ചായത്തിലുമുള്ള വോട്ടുകൾ

കാസർകോട്: തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ പട്ടികയിൽ ഇടം പിടിച്ചത് 1046226 വോട്ടർമാർ (പുരുഷന്മാർ- 501876, സത്രീകൾ- 544344, ട്രാൻസ് ജെൻഡർ 6). ജില്ലയിലെ 38 ഗ്രാമ പഞ്ചായത്തുകളിലായി ആകെ 917663 വോട്ടർമാരാണ് അന്തിമ വോട്ടർപട്ടികയുൾപ്പെട്ടിട്ടുള്ളത്. ഇതിൽ 442113 പുരുഷന്മാരും 475545 സ്ത്രീകളും അഞ്ച് ട്രാൻസ്ജെൻഡേർസുമാണുള്ളത്. 70 പ്രവാസി വോട്ടർമാരുണ്ട്.

ഏറ്റവും കൂടുതൽ വോട്ടർമാർ ചെങ്കള പഞ്ചായത്തിലാണ്. കുറവ് ബെള്ളൂരിൽ വോട്ടർമാരുടെ എണ്ണം

(പഞ്ചായത്ത്, പുരുഷന്മാർ, സ്ത്രീകൾ, ട്രാൻസ്ജെൻഡർ, പ്രവാസികൾ എന്ന ക്രമത്തിൽ)

അജാനൂർ- 18380, 21738, 0, 6, ബദിയഡുക്ക- 14156, 14385, 1,0., ബളാൽ- 9105, 9726, 0,0., ബേഡഡുക്ക- 10457, 11568,0, 1., ബെള്ളൂർ-3970, 4023,0,0., ചെമ്മനാട്- 10954, 21198, 0, 3., ചെങ്കള- 21207, 21496, 1,1 ., ചെറുവത്തൂർ- 9975, 11962, 0, 5., ദേലംപാടി- 9093, 9691, 0, 2., ഈസ്റ്റ് എളേരി- 10356, 10601, 1, 0., എൻമകജെ- 11112, 11166, 0, 0., കയ്യൂർ ചീമേനി-9056, 10325,0,0., കിനാനൂർ കരിന്തളം- 10613, 11744, 0,0., കള്ളാർ-7917, 8329,0,0., കാറഡുക്ക- 8669, 8690,0,0., കോടോംബേളൂർ - 13045, 14266, 0, 0., കുംബഡാജെ- 6112, 6232, 0, 0., കുമ്പള- 18492, 19366, 0, 0., കുറ്റിക്കോൽ-9930, 10343, 0, 2., മധൂർ- 16242, 15702, 1,0., മടിക്കൈ- 7926, 9252, 0, 0., മംഗൽപാടി - 19491, 20062, 0, 0., മഞ്ചേശ്വരം- 15776, 16712, 0, 0., മീഞ്ച- 9551, 10024, 0, 0., മൊഗ്രാൽപുത്തൂർ- 9534, 10255, 0, 0., മുളിയാർ-9701, 10162, 0,0., പടന്ന- 8148, 9452, 0, 2., പൈവളികെ- 13363, 13377, 0, 0., പള്ളിക്കര- 17221, 19236, 1,0., പനത്തടി- 8923, 9123, 0, 1., പിലിക്കോട്- 9662, 11148, 0, 5., പുല്ലൂർ പെരിയ- 11041, 12102, 0, 0., പുത്തിഗെ- 8905, 9448, 0, 0., തൃക്കരിപ്പൂർ- 14677, 17107, 0, 23., ഉദുമ- 13722, 16620, 0, 4., വലിയപറമ്പ- 4987, 6061, 0, 14., വോർക്കാടി- 10132, 10735, 0, 0., വെസ്റ്റ് എളേരി- 11512, 12118, 0,1. എന്നിങ്ങനെയാണ്.

മടിക്കൈയിൽ ബി ജെ പി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു

കാഞ്ഞങ്ങാട്: മടിക്കൈ പഞ്ചായത്തിൽ ബി ജെ പി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. മുപ്പതു വർഷമായി ബി ജെ പിയുടെ കൈവശം ഉള്ള ഒന്നാം വാർഡിൽ (കോട്ടപ്പാറ) ബി ജെ പി ജില്ലാ ജനറൽ സെക്രട്ടറി എ വേലായുധൻ മത്സരിക്കും. പത്തു വർഷങ്ങൾക്കു ശേഷമാണ് വാർഡിൽ ഒരു പുരുഷൻ ബി ജെ പിയിൽ നിന്നു മത്സരിക്കുന്നത്.

മറ്റു വാർഡുകളിലെ സ്ഥാനാർത്ഥികൾ: ഏച്ചിക്കാനം പി വിനോദ്, വെള്ളച്ചേരി -ബി കുഞ്ഞിക്കണ്ണൻ, ആലംപാടി- എ പ്രകാശൻ, കുഞ്ഞിപ്പൊയിൽ- എ അനിത, മലപ്പച്ചേരി- സി രതീഷ്, ചെരണത്തല- ടി സംഗീത. കോളിക്കുന്ന്- ശ്രീന ബിജു, എരിക്കുളം- എം രജിത, ബങ്കളം- ചന്ദ്രൻ, കക്കാട്ട് -വി പ്രേമലത, അടുക്കത്ത് പറമ്പ്- എം സതി, ചാളക്കടവ്- പി വി നാരായണി, കീക്കാംകോട്- വി രതീഷ.

കരിന്തളത്ത് യു ഡി എഫ് സ്ഥാനാർത്ഥികളായി

നീലേശ്വരം: കിനാനൂർ-കരിന്തളം പഞ്ചായത്തിൽ മത്സരിക്കുന്ന യു ഡി എഫ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു.

വാർഡും സ്ഥാനാർത്ഥികളും: ചായ്യോത്ത് -കെ സതി, കൂവാറ്റി-ശോഭനാ രാമചന്ദ്രൻ, നെല്ലിയടുക്കം-സി വി ഗോപകുമാർ, പുതുക്കുന്ന്- ലീല രവീന്ദ്രൻ, കാറളം- കെ വിജയകുമാർ, ബിരിക്കുളം- എം കുഞ്ഞിമാണി, കമ്മാടം- യു വി മുഹമ്മദ് കുഞ്ഞി, പരപ്പ- കെ ശോഭന, കാരാട്ട്- എം സി രാമചന്ദ്രൻ, കൂരാംകുണ്ട്- സിൽവി ജോസഫ്, കാളംകുളം- കെ വി ചിത്രലേഖ, പെരിയങ്ങാനം- മനോജ് തോമസ്, കുമ്പളപ്പള്ളി- എൻ പ്രകാശൻ, പുലിയന്നൂർ- അശോകൻ, കരിന്തളം- ഉമേശൻ, വേളൂർ, കൊല്ലംപാറ- ഗീത രാമചന്ദ്രൻ, കിനാനൂർ- പി വി ജിത.ബ്ലോക്ക് പഞ്ചായത്ത് പരപ്പ ഡിവിഷനിൽ പി വി രവി, കോഹിനൂരും കിനാനൂർ ഡിവിഷനിൽ അനിത കുമാരിയും മത്സരിക്കും.

കീഴൂർ പാട്ടുത്സവം നാളെ മുതൽ

മേൽപറമ്പ്: കീഴൂർ ചന്ദ്രഗിരി ശാസ്താ ക്ഷേത്രത്തിലെ പാട്ടുത്സവം 15 മുതൽ 20 വരെ നടക്കും.

15ന് രാവിലെ 10.30ന് കൊടിയിലവെയ്ക്കൽ ശേഷം മഹാപൂജ നാലിനും അഞ്ചിനും ഇടയിൽ പൊലിയന്ത്രം നാട്ടൽ, പാട്ടുത്സവത്തിന്റെ നാലാം ദിവസം രാവിലെ എട്ടിനു നാഗമൂലസ്ഥാനത്ത് അരിത്രാവൽ, 29ന് വിഷ്ണുമൂർത്തി കോലം, അരങ്ങിലെത്തുന്നതോടെ പാട്ടുത്സവം സമാപിക്കും.

മർദ്ദിച്ചതായി പരാതി

പൈക്ക: അർളടുക്ക പുണ്ടൂരിലെ കരുണാകര(44)നെ വീട്ടിൽക്കയറി മർദ്ദിച്ചതായി പരാതി. സംഭവത്തിൽ അയൽവാസികളായ അണ്ണു എന്ന കൃഷ്ണൻ, ഹരീശ് എന്നിവർക്കെതിരെ ബദിയഡുക്ക പൊലീസ് കേസെടുത്തു. അണ്ണു എന്ന കൃഷ്ണന്റെ സഹോദരി മോഹിനിയെ അസഭ്യം പറഞ്ഞതിനു കരുണാകരൻ, അജിത് എന്നിവരടക്കം മൂന്നു പേർക്കെതിരെയും കേസെടുത്തിട്ടുണ്ട്.

ഉയർന്നും താഴ്ന്നും റബ്ബർ വില; കർഷകർ ആശങ്കയിൽ

ബന്തടുക്ക: വർഷങ്ങൾക്കു ശേഷം മെച്ചപ്പെട്ടുവന്ന റബ്ബർവില വീണ്ടും പിന്നോട്ട്; കർഷകർക്കു നിരാശ. സമീപ കാലവർഷങ്ങളിലൊന്നും ഇല്ലാത്ത തരത്തിലാണ് റബ്ബർവിലയിൽ ഇത്തവണ ഉയർച്ച ഉണ്ടായത്. സീസണിന്റെ തുടക്കത്തിൽ 150 രൂപ വരെയെത്തിയ വില പിന്നീട് കുത്തനെ കുറഞ്ഞ് 125 രൂപവരെ എത്തിയിരുന്നു. എന്നാൽ ദിവസങ്ങൾ കഴിയന്നതിനു മുമ്പ് തന്നെ വിപണിയിൽ വിലക്കയറ്റം ഉണ്ടായി. 150 രൂപയിൽ എത്തിയ വില പിന്നെയും ഉയർന്ന് 160 കടന്നു. ഇത് കർഷകരിൽ വലിയ പ്രതീക്ഷകളാണ് നൽകിയത്. അന്താരാഷ്ട്രതലത്തിലെ ഉയർന്ന ആവശ്യവും പ്രതികൂല കാലാവസ്ഥകാരണം സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ ഉണ്ടായ ഉൽപാദന കുറവുമാണ് വിലക്കയറ്റത്തിനു ഇടയാക്കിയത്. ആഭ്യന്തര ആവശ്യം വർധിച്ചത് ചൈനീസ് കമ്പനികൾ കൂടുതൽ ചരക്ക് വാങ്ങാൻ തയ്യാറായതുകാരണം വില ഇനിയും വർധിക്കുമെന്ന കണക്കുകൂട്ടലിലായിരുന്നു കർഷകർ. എന്നാൽ 160 രൂപയെന്നസ്ഥിതി ദിവസങ്ങൾ നീണ്ടുന്നില്ല, പത്തുരൂപ കുത്തനെ കുറഞ്ഞ് 150ൽ എത്തി. ഇനിയും വിലത്തകർച്ച ഉണ്ടാകുമോയെന്ന ആശങ്കയും കർഷകർക്കിടയിലുണ്ട്. അതേ സമയം നേരിയ വില വർധനവ് നിലനിൽക്കുന്നുണ്ടെങ്കിലും ടാപ്പിംഗിനു ആളെ കിട്ടാത്ത അവസ്ഥ വലിയ തോതിലുള്ളതായികർഷകർ പറയുന്നു. കാലാവസ്ഥയിൽ അടിക്കടി ഉണ്ടാകുന്ന വ്യതിയാനവും അകാല ഇലകൊഴിച്ചിലും റബ്ബർ പാലുല്പാദനത്തെ പ്രതികൂലമാക്കിയിട്ടുണ്ട്.

താജുൽ ഉലമാ ഏഴാം ഉറൂസ് മുബാറക്ക് 16ന്

എട്ടിക്കുളം: 16 ന് നടക്കുന്ന താജുൽ ഉലമാ സയ്യിദ് അബ്ദുറഹ്മാൻ അൽ ബുഖാരിയുടെ ഏഴാം ഉറൂസ് മുബാറക്കിന് ചെയർമാൻ മുഹമ്മദ് കുഞ്ഞി ബാഖവിയുടെ അദ്ധ്യക്ഷതയിൽ നടന്ന സ്വാഗത സംഘം അന്തിമ രൂപം നൽകി. സയ്യിദ് ഹാമിദ് ഇമ്പിച്ചി തങ്ങളുടെ പ്രാർത്ഥനയോടെ ആരംഭിച്ച കൺവെൻഷൻ അബ്ദുൽ ഹക്കീം സഅദി തളിപ്പറമ്പ ഉദ്ഘാടനം ചെയ്തു. പള്ളങ്കോട് അബ്ദുൽ ഖാദിർ മദനി സ്വാഗതവും സിറാജ് ഇരുവേരി നന്ദിയും പറഞ്ഞു. രാവിലെ 9 മണിക്ക് താജുൽ ഉലമാ മഖ്ബറ സിയാറത്തിന് മുഹമ്മദ് കുഞ്ഞി ബാഖവി അഞ്ചാം പീടിക നേതൃത്വം നൽകും. 9.30ന് സയ്യിദ് ഹാമിദ് ഇമ്പിച്ചി തങ്ങൾ അൽ ബുഖാരി പതാക ഉയർത്തും. 10 മണിക്ക് നടക്കുന്ന താജുൽ ഉലമാ മൗലിദ് മജ്ലിസ് സയ്യിദ് അത്വാഉള്ള തങ്ങൾ മഞ്ചേശ്വരത്തിന്റെ പ്രാർത്ഥനയോടെ ആരംഭിക്കും. 11 മണിക്ക് ആരംഭിക്കുന്ന ഖത്മുൽ ഖുർആൻ സംഗമത്തിന് സയ്യിദ് ഫസൽ കോയമ്മ തങ്ങൾ അൽ ബുഖാരി കുറാ നേതൃത്വം നൽകും. വൈകീട്ട് 4.30ന് ഓൺലൈനിലൂടെ സമാപന പ്രാർത്ഥനാ സംഗമം നടക്കും. സയ്യിദ് അലി ബാഫഖി തങ്ങളുടെ പ്രാർത്ഥനയോടെ ആരംഭിക്കുന്ന പരിപാടി സമസ്ത പ്രസിഡണ്ട് ഇ സുലൈമാൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യും. സമസ്ത കേന്ദ്ര മുശാവറ അംഗം സയ്യിദ് കെ എസ് ആറ്റക്കോയ തങ്ങൾ കുമ്പോൽ ആധ്യക്ഷം വഹിക്കും. കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ മുഖ്യ പ്രഭാഷണവും സയ്യിദ് ഇബ്റാഹിം ഖലീലുൽ ബുഖാരി അനുസ്മരണ പ്രഭാഷണവും നടത്തും. എം അലിക്കുഞ്ഞി മുസ്‌ലിയാർ ഷിറിയ അനുഗ്രഹ പ്രഭാഷണം നിർവ്വഹിക്കും.

കേരള ട്രഡീഷണൽ ആർട്ടിസാൻസ് കോൺഗ്രസ് (ഐ.എൻ.ടി.യു.സി) കാസർകോട് ജില്ലാ കമ്മറ്റി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട രവി പിലിക്കോട്

ഉണക്ക റബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ ഓൺലൈൻ പരിശീലനം

തിരു: ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ; ഉത്പന്നങ്ങളുടെ വിപണനം തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം നവംബർ 18 മുതൽ 20 വരെ നടത്തും. പരിശീലനസമയം എല്ലാ ദിവസവും രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത കേരളീയർക്ക് പരിശീലനഫീസ് 1,785 രൂപ (18 ശതമാനം ജി.എസ്..ടി.യും ഒരു ശതമാനം ഫ്ളഡ് സെസ്സും ഉൾപ്പെടെ) ആണ്. ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള കേരളീയർക്കും കേരളത്തിന് പുറത്തുള്ളവർക്കും 1,770 രൂപ ആയിരിക്കും ഫീസ്. ഡയറക്ടർ (ട്രെയിനിങ്), റബ്ബർബോർഡ് എന്ന പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (ഐ.എഫ്.എസ്.കോഡ്- സി ബി ഐ എൻ 0284150) യുടെ കോട്ടയത്തുള്ള റബ്ബർബോർഡ് ബ്രാഞ്ചിലെ 1450300184 എന്ന അക്കൗണ്ട് നമ്പറിലേക്ക് പരിശീലനഫീസ് നേരിട്ട് അടയ്ക്കാം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പറിലും 04812353325 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

കെ എം സി ഹോസ്പിറ്റലിൽ ലോയൽറ്റി കാർഡ് രജിസ്ട്രേഷൻ ആരംഭിച്ചു

കാസർകോട്: കെ എം സി ഹോസ്പിറ്റൽ ജനങ്ങളുടെ ക്ഷേമത്തിനായി ലോയൽറ്റി കാർഡ് ആരോഗ്യ പദ്ധതി ആരംഭിച്ചു. താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങൾക്ക് ഈ പദ്ധതി ഒരു അനുഗ്രഹമായിരിക്കുമെന്ന് പബ്ലിക് റിലേഷൻസ് വിഭാഗം മേധാവി രാകേഷ് പറഞ്ഞു.

മംഗളൂരുവിലെ അത്താവര കെ എം സി ഹോസ്പിറ്റൽ ആണ് പദ്ധതി നടപ്പാക്കുന്നത്. ഈ സ്കീമിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും അംഗത്തെ ഈ ആശുപത്രിയുടെ ജനറൽ വാർഡിൽ പ്രവേശിപ്പിച്ചാൽ സ്കീമിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു അംഗത്തിനും ബില്ലിൽ 90 ശതമാനം കഴിവ് ലഭിക്കും- അദ്ദേഹം പറഞ്ഞു. കൂടുതൽ വിവരങ്ങൾ 9480204464 എന്ന നമ്പറിൽ നിന്നു ലഭിക്കും.

എസ് വൈ എസ് കുംബഡാജെ സർക്കിൾ മെമ്പർഷിപ്പ് വിതരണം ബെളിഞ്ചയിൽ എൻ കെ എം ബളിഞ്ചക്കു നൽകി പി എ മുഹമ്മദ് മൗലവി ഉദ്ഘാടനം ചെയ്യുന്നു

നീലേശ്വരം നഗരസഭയുടെ പൊള്ളയായ അവകാശ വാദങ്ങൾക്കെതിരെ യു ഡി എഫ് നീലേശ്വരം നഗരസഭാ കമ്മിറ്റി നടത്തിയ നേതൃയാത്ര അഡ്വ. എം ടി പി കരീം ഉദ്ഘാടനം ചെയ്യുന്നു. സി കെ കെ മാണിയൂർ ആധ്യക്ഷം വഹിച്ചു

റോഡ് ഉദ്ഘാടനം ചെയ്തു

നീലേശ്വരം: നീലേശ്വരം നഗരസഭയിലെ ബീയെംകൈ റോഡ് ഉദ്ഘാടനം നഗരസഭാ വൈസ് ചെയർപേഴ്സൺ വി ഗൗരി നിർവ്വഹിച്ചു. കൗൺസിലർ കെ വി ഉഷ ആധ്യക്ഷം വഹിച്ചു. സ്ഥിരം സമിതി അദ്ധ്യക്ഷൻമാരായ എ കെ കുഞ്ഞികൃഷ്ണൻ, പി രാധ, പി എം സന്ധ്യ, പി പി മുഹമ്മദ് റാഫി, കൗൺസിലർമാരായ പി കെ രതീഷ്, കെ വി രാധ, കെ വി ഗീത, എം എ വനജ, പി വി രാധാകൃഷ്ണൻ, പൊതു പ്രവർത്തകരായ പി സുഭാഷ്, ടി വി രാജേഷ്, അനീഷ്, പി കുഞ്ഞിരാമൻ, ബാബു, കെ മനോജ് കുമാർ സംസാരിച്ചു. നഗരസഭാ വാർഷിക പദ്ധതിയിൽ രണ്ടു ഘട്ടത്തിലായി 15 ലക്ഷം രൂപ ചിലവഴിച്ചാണ് റോഡ് നിർമ്മിച്ചത്.

മൊബൈൽ സെൽഫി വീഡിയോ മത്സര വിജയികളെ പ്രഖ്യാപിച്ചു

കാസർകോട്: കോവിഡ് പ്രതിരോധത്തിന് മാസ്ക് ധരിക്കേണ്ടതിന്റെ ആവശ്യകതയും സാനിറ്റൈസർ ഉപയോഗിക്കേണ്ട ആവശ്യകതയും കുരുന്നുകൾ മൊബൈൽ സെൽഫി വീഡിയോയിലൂടെ വിളിച്ച് പറഞ്ഞപ്പോൾ,അത് കോവിഡ് പ്രതിരോധത്തിന്റെ വേറിട്ടൊരു മാതൃകയായി. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഐ ഇ സി ജില്ലാതല കോർഡിനേഷൻ കമ്മിറ്റി പത്ത് വയസ്സിന് താഴെയുള്ള കുട്ടികൾക്കായി സംഘടിപ്പിച്ച മൊബൈൽ സെൽഫി വീഡിയോ മത്സരത്തിനെയാണ് കുട്ടികൾ ഉത്സവമാക്കിയത്. മത്സരത്തിലേക്ക് മലയാളം, കന്നഡ, തുളു, ഇംഗ്ലീഷ് ഭാഷകളിലായി 85 വോളം സെൽഫി വീഡിയോകളാണ് ലഭിച്ചത്. മത്സരത്തിൽ ചെമ്മനാട്ടെ സെമീർ-അൽഫാന ദമ്പതികളുടെ മകൾ സുഹറ സെബ ഒന്നാംസ്ഥാനം കരസ്ഥമാക്കി. രണ്ടാം സ്ഥാനം കാറഡുക്കയിലെ സേതുരാജ്-കൃഷ്ണ കൃപ ദമ്പതികളുടെ മകൻ അതുൽ കൃഷ്ണനും മൂന്നാംസ്ഥാനം മാലക്കല്ലിലെ പുതുപ്പറമ്പിൽ അരുൺ ചാക്കോ- റീന മേരി തോമസ് ദമ്പതികളുടെ മകൻ അഡോൺ ജോണും കരസ്ഥമാക്കി.

അധ്യാപകരുടെ ഒഴിവ്

തൃക്കരിപ്പൂർ സർക്കാർ പോളിടെക്നിക് കോളേജിൽ ഒഴിവുള്ള അധ്യാപക തസ്തികകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ തസ്തികകളിലാണ് ഒഴിവ്. പോളിടെക്നിക്കിൽ നടക്കുന്ന എഴുത്തു പരീക്ഷയുടെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിലാണ് നിയമനം. മാത്തമാറ്റിക്സ് വിഷയത്തിന്റെ കൂടിക്കാഴ്ച 18 ന് രാവിലെ 10 നും കമ്പ്യൂട്ടർ വിഷയത്തിന്റെ കൂടിക്കാഴ്ച 19 ന് രാവിലെ 10 നും നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04672211400.

നീലേശ്വരം നഗരസഭയിലെ ബീയെംകൈറോഡ് വി ഗൗരി ഉദ്ഘാടനം ചെയ്യുന്നു

ഡിസീസ്ഡ് കെയർ യൂണിറ്റ് :അഷ്റഫ് പാവൂർ ചെയ. ഇബ്രാഹിം ബേരിക്ക ജന. കൺ.

ദുബൈ : ദുബായിൽ മരണപ്പെടുന്നവരുടെ അനന്തര കാര്യങ്ങൾ നിർവഹിക്കാൻ ദുബൈ കെഎംസിസി കാസർകോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡിസീസ്ഡ് കെയർ യൂണിറ്റ് രൂപീകരിച്ചു. ചെയർമാനായി അഷ്ഫ് പാവൂരും ജനറൽ കൺവീനറായി ഇബ്രാഹിം ബേരിക്കെയും കൺവീനർമാരായി സുഹൈൽ കോപ്പ,ഷബീർ കീഴൂർ,ബഷീർ പാറപ്പള്ളി,ഷബീർ കൈതക്കാട് എന്നിവരെയും തെരഞ്ഞെടുത്തു.

കോവിഡ് പശ്ചാത്തലത്തിലും അതിനു മുമ്പും ദുബായിൽ മരിക്കുന്നവരുടെ ഡോകുമെന്റ്സ് കാര്യങ്ങൾ ശരിയാക്കുന്നതിന് വേണ്ടി ബന്ധുക്കൾ ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ മരിച്ചയാളുടെ ഭൗതിക ശരീരം ദുബായിൽ സംസ്ക്കാരിക്കുന്നതിനോ,നാട്ടിലെത്തിക്കുന്നതിനോ ആവശ്യമായ നിയമ സഹായം ചെയ്യുന്നതിനാണ് പ്രസ്തുത സമിതിയെ തെരെഞ്ഞെടുത്തത്.ഇതിനോടകം ഒരുപാട് പേരെ ജാതി മത രാഷ്ട്ര വ്യത്യാസമില്ലാതെ സ്വന്തം നാട്ടിലേക്ക് എത്തിക്കുന്നതിന് വേണ്ടി കെഎംസിസി വളരെ ക്രിയാത്മകമായി ഇടപെട്ടിരുന്നു. ഇനി മുതൽ തെരെഞ്ഞെടുക്കപ്പെട്ട സമിതി അതിനു നേതൃത്വം നൽകുമെന്ന് ദുബൈ കെഎംസിസി ജില്ലാ കമ്മിറ്റി ആക്ടിങ് പ്രസിഡന്റ് റാഫി പള്ളിപ്പുറം ജനറൽ സെക്രട്ടറി സലാം കന്യപ്പാടി ട്രഷറർ ഹനീഫ് ടി ആർ മേൽപറമ്പ് എന്നിവർ അറിയിച്ചു. ഹോസ്പിറ്റൽ സംബന്ധമായ കാര്യങ്ങൾക്കായി സി എച്ച് നൂറുദ്ദീൻ കാഞ്ഞങ്ങാട് ചെയർമാനായും ഡോക്ടർ ഇസ്മായിൽ ജനറൽ കൺവീനറുമായ മെഡിക്കൽ കെയർ യൂണിറ്റും പ്രവർത്തിച്ചു വരുന്നു. യോഗത്തിൽ ആക്ടിങ് പ്രസിഡന്റ് റാഫി പള്ളിപ്പുറം ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി സലാം കന്യപ്പാടി മഹ്മൂദ് ഹാജി പൈവളിഗെ, സി എച്. നൂറുദ്ദീൻ കാഞ്ഞങ്ങാട്, അബ്ദുറഹ്മാൻ ബീച്ചാരക്കടവ്, അഡ്വക്കേറ്റ്. ഇബ്രാഹിം ഖലീൽ, കെ പി അബ്ബാസ് കളനാട്, സലാം തട്ടാനിച്ചേരി,ഫൈസൽ മൊഹ്സിനൻ തളങ്കര. തുടങ്ങിയവർ പ്രസംഗിച്ചു ജില്ലാ ട്രഷറർ ഹനീഫ് ടി ആർ മേൽപറമ്പ് നന്ദി പറഞ്ഞു



ദുബൈ കെ എം സി സി കാസർകോട് ജില്ലാ കമ്മറ്റിയുടെ ഡിസീസ്ഡ് കെയർ യൂണിറ്റ് ഭാരവാഹികളായ അ,്റഫ് പാവൂർ(ചെയ), ഇബ്രാഹിം ബേരിക്കെ (ജന.കൺ) സുഹൈൽ കോപ്പ, ഷബീർ കീഴൂർ, ബഷീർ പാറപ്പള്ളി,ഷബീർ കൈതക്കാട് (കൺ)

കാഞ്ഞങ്ങാട് 26 -ാം വാർഡ്: ദിവ്യ ജിതിൻ കോൺഗ്രസ് സ്ഥാനാർത്ഥി

കാഞ്ഞങ്ങാട്: മുനിസിപ്പാലിറ്റിയിലെ സംവരണ വാർഡായ ഇരുപത്തിയാറാം വാർഡിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാനാർത്ഥി ഡോ: ദിവ്യജിതിന് കെട്ടിവെയ്ക്കാനുള്ള തുക ദളിത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ പി മോഹനനും പ്രവാസി കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് പത്മരാജൻ ഐങ്ങോത്തും കൈമാറി.ചടങ്ങിൽ മണ്ഡലം വൈസ് പ്രസിഡണ്ട് കെ.ഐ.തോമസ്, പ്രവാസി കോൺഗ്രസ് ജില്ലാ സെക്രട്ടറി പ്രദീപ്, രാജൻ ഐങ്ങോത്ത് സംബന്ധിച്ചു.

വിദ്യാഭ്യാസക്കച്ചവടക്കാർക്കു മൂക്കു കയറിടണം: പി ഡി പി

പാലക്കുന്ന്: ഗ്രീൻവുഡ് സ്കൂൾ അധികൃതരുടെ വിദ്യാഭ്യാസക്കച്ചവടത്തിനു മൂക്കു കയറിടണമെന്നു പി ഡി പി ജില്ലാ ജോ. സെക്രട്ടറി ഷാഫി സുഹരി സർക്കാരിനോടാവശ്യപ്പെട്ടു.

അധികൃതർ പറയുന്ന എല്ലാ ഫീസുകളും നൽകിക്കൊണ്ടിരുന്ന ഒരു കുട്ടിയെ ഒരു മാസത്തെ ഫീസുകൊടുക്കാൻ താമസിച്ചതിനു ഓൺലൈൻ ക്ലാസിൽ നിന്നു പുറത്താക്കിക്കൊണ്ടു അവർ തങ്ങളുടെ കഠിന ഹൃദയം പ്രകടമാക്കിയിരിക്കുകയാണെന്ന് അറിയിപ്പിൽ പറഞ്ഞു. സ്കൂളധികൃതരുടെ മനുഷ്യത്വമില്ലാത്ത നിലപാട് കുട്ടിയുടെ പഠനം അവതാളത്തിലെത്തിക്കുകയും കുട്ടിയെ മാനസികമായി തകർക്കുകയുമായിരുന്നുവെന്നും അധികൃതരുടെ വിദ്യാഭ്യാസ അവകാശ ലംഘനത്തിനെതിരെ പി ഡി പി പ്രക്ഷോഭം സംഘടിപ്പിക്കുമെന്നും അറിയിപ്പിൽ പറഞ്ഞു.

ദിവ്യജിതിനു കെട്ടിവെക്കാനുള്ള തുക കെ പി മോഹനൻ, പത്മരാജൻ ഐങ്ങോത്ത് എന്നിവർ ചേർന്നു നൽകുന്നു